"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് – പാലക്കാട്, എലിപ്പാറ, അഹല്യ ട്രോമാ ഹോസ്പിറ്റലിനുവേണ്ടി വെഹിക്കുലർ അണ്ടർപാസ്സ് നിർമ്മാണം - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതുമരാമത്ത് (പി.എസ്) വകുപ്പ്

സ.ഉ.(സാധാ) നം.560/2024/PWD തീയതി,തിരുവനന്തപുരം, 06-06-2024

---

പരാമർശം:-

1. പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 26.01.2023, 09.06.2023, 13.05.2024 തീയതികളിലെ CEPWD/21089/2022-C5(W)-RDനം. കത്തുകൾ
2. NHAI യുടെ 7.02.2024 തിയ്യതിയിലെ 1137/RO-KeralaState/Govt.Correspondence നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് , എലിപ്പാറ, അഹല്യ ഹോസ്പിറ്റലിനുവേണ്ടി എസ്.എച്ച്-26 നു കുറുകെ വെഹിക്കുലർ അണ്ടർ പാസ്സ് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയർ, നിരത്തുകൾ പരാമർശം (1) പ്രകാരം വിശദാംശങ്ങൾ സമർപ്പിച്ചു. കൊഴിഞ്ഞാമ്പാറ പൊതുമരാമത്തു വകുപ്പ് നിരത്തുകൾ സെക്ഷന് കീഴിൽ നാട്ടുകൽ - വേലന്താവളം പൊതുമരാമത്തു വകുപ്പ് റോഡിൽ (എസ്.എച്ച് 26) കി.മീ. 6/200 ന് സമീപം പ്രവർത്തിക്കുന്ന Ahalia Edu Health campus – ന് കീഴിൽ റോഡിന് എതിർവശത്ത് ടി സ്ഥാപനത്തിന്റെ തന്നെ കീഴിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന Trauma Hospital കെട്ടിട സമുച്ചയത്തിലേക്ക് പൊതുമരാമത്ത് വകുപ്പ് റോഡിന് കുറുകെ ഇരു വശത്തുമുള്ള ക്യാമ്പസുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനായി വാഹന ഗതാഗതത്തിനുള്ള വെഹിക്കുലാർ അണ്ടർ പാസ് (VUP) നിർമ്മിക്കുന്നതിനുള്ള അനുമതി നൽകണമെന്ന ആവശ്യത്തിന്മേൽ അഹല്യ ഇന്റർനാഷണൽ ഫൌണ്ടേഷൻ അധികൃതരുമായി ചേർന്ന് കൊഴിഞ്ഞാമ്പാറ അസി. എഞ്ചിനീയർ സംയുക്ത സ്ഥല പരിശോധന നടത്തുകയുണ്ടായി. ടി പരിശോധനയിൽ പ്രസ്തുത സ്ഥലത്ത് 24 മീറ്റർ ROW നിലവിലുണ്ട് എന്നും ടി സ്ഥലത്തിലൂടെ വൈദ്യുത ലൈനുകൾ കടന്നുപോകുന്നുമുണ്ട് എന്നും റോഡിനിരുവശവും കുടിവെള്ള പൈപ്പ് ലൈനുകൾ, OFC കേബിളുകൾ മുതലായ യൂട്ടിലിറ്റികളും, നിലവിലുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് നിയന്ത്രിക്കുന്ന സംസ്ഥാനപാത SH 26 : ചിറ്റൂർ - വേലന്താവളം കൊണ്ട് വിഭജിക്കപ്പെടുന്ന ഈ പ്ലോട്ടുകളെ തമ്മിൽ ബന്ധിപ്പിക്കാൻ ഒരു വെഹിക്കുലർ അണ്ടർപ്പാസ് (VUP)/ over bridge നിർമ്മിക്കുകയാണെങ്കിൽ അത് രോഗികൾ, ആംബുലൻസ്, രോഗനിർണ്ണയ സേവനങ്ങൾ എന്നിവയുടെ വളരെ എളുപ്പത്തിലുള്ള നീക്കത്തിന് സഹായകവും സൗകര്യപ്രദവുമായിരിക്കുമെന്നും അഹല്യ ട്രോമാ ഹോസ്പിറ്റലിന്റെ ആരംഭത്തോടുകൂടി പാലക്കാടിന്റെ കിഴക്കൻ മേഖലയിൽപ്പെട്ട കൊഴിഞ്ഞാമ്പാറ, നല്ലേപ്പിള്ളി, വാടകരപതി, പുതുശ്ശേരി, എലപ്പള്ളി, തുടങ്ങിയ പ്രദേശത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് അവരുടെ അപകട അത്യാഹിത ചികിത്സ ആവശ്യങ്ങൾക്ക് പൂർണ്ണമായും ആശ്രയിക്കാവുന്നതാണെന്നും പ്രസ്തുത ആവശ്യങ്ങൾക്കായി നിലവിൽ പ്രദേശവാസികൾ ആശ്രയിക്കുന്നത് സംസ്ഥാനത്തിന് പുറത്തുള്ള ആശുപത്രികളെ ആണെന്നും ടി ആശുപത്രി വരുന്നതോടുകൂടി ജനങ്ങൾക്ക് ഈ പ്രശ്നങ്ങൾക്കുള്ള ശാശ്വത പരിഹാരം ഉണ്ടാവുന്നതാണെന്നും ട്രോമാ കെയർ വരുന്നതോടുകൂടി പാതയുടെ എതിർ വശത്തുള്ള രോഗികളെ മറ്റ് സ്പെഷ്യാലിറ്റി ബ്ലോക്കുകളിൽ എത്തിക്കുവാൻ മേൽ സൂചിപ്പിച്ച connectivity ആവശ്യമാണെന്നും ഓവർബ്രിഡ്ജ്നെകാൾ അണ്ടർപ്പാസ് ആണ് അഭികാമ്യം എന്നും

13.05.2024-ലെ പരാമർശം (1 )കത്ത് പ്രകാരം ചീഫ് എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിർദിഷ്ട അണ്ടർപ്പാസ് (അടിപ്പാത) ഒരു സിംഗിൾ സെൽ RCC ബോക്സ് ഘടനയാണെന്നും 8.5മീറ്റർ ( 7മീറ്റർ വീതിയുള്ള കാരിയേജ് വേയും , 1.5 മീറ്റർ വീതിയുള്ള ഫുട്പാത്തും) കൂടാതെ 26.15 മീറ്റർ വീതിയിലുള്ള SH-26 -ന്റെ ROW-ന് ലംബമായി 3.5m ക്ലിയറൻസുമുള്ള രീതിയിലാണ് അണ്ടർ പാസ്സ് വിഭാവനം ചെയ്തിട്ടുള്ളതെന്നും SH-26-ലെ ഗതാഗതം തടസ്സപ്പെടാതിരിക്കാൻ രണ്ട് ഘട്ടങ്ങളിലായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാണ് നിലവിലെ പദ്ധതി എന്നും പരാമർശം (1 ) പ്രകാരം ചീഫ് എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം പരിശോധിക്കുകയും മേൽ നിരീക്ഷണങ്ങൾ കണക്കിലെടുത്ത് MoRTH, IRC, PWD Manual , Highway Protection Act മുതലായവ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് റോഡ് സേഫ്റ്റി ഉറപ്പ് വരുത്തിക്കൊണ്ടും ഗതാഗത നിയന്ത്രണത്തിനാവശ്യമായ മുന്നൊരുക്കങ്ങൾ ചെയ്തുകൊണ്ടും, വാഹനഗതാഗതത്തിന് ഒരിക്കലും തടസ്സം വരാത്ത വിധത്തിലും, ഭാവിയിൽ പൊതുമരാമത്തുവകുപ്പ് റോഡ് വികസനവുമായി ബന്ധപ്പെട്ട് സ്വന്തം ചെലവിൽ തന്നെ അഹല്യ ഇന്റർനാഷണൽ ഫൌണ്ടേഷൻ അധികൃതർ സ്വന്തം ചിലവിൽ VUP പൊളിച്ചുമാറ്റി എത്രയും പെട്ടെന്ന് റോഡ് പൂർവ്വസ്ഥിതിയിലാക്കി നൽകണം എന്ന പൊതുവായ വ്യവസ്ഥകൾ പാലിച്ചുകൊണ്ടും പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന്റെ ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും NHAI -യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി എസ്.എച്ച്-26 നു കുറുകെ വെഹിക്കുലർ അണ്ടർ പാസ്സ് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>നിബന്ധനകൾ:</u>

1 ) പദ്ധതിയുടെ മുഴുവൻ നിർമ്മാണച്ചെലവും (നിർമ്മാണച്ചെലവ്, റോഡ് പുനരുദ്ധാരണ ചെലവ്, യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ചെലവ് മുതലായവ) M/s അഹല്യ ഇൻ്ററനാഷണൽ ഫൗണ്ടേഷൻ, എലിപ്പാറ, പാലക്കാട് വഹിക്കണം, കൂടാതെ നിർദിഷ്ട V.U.P M/s Ahalia International-Foundationൻ്റെ ഉപയോഗത്തിന് മാത്രമുള്ളതല്ല. എല്ലാ റോഡ് ഉപയോക്താക്കൾക്കും പ്രസ്തുത VUP ഉപയോഗിക്കാവുന്നതാണ്.

2) അലൈൻമെൻ്റ്, ലൊക്കേഷൻ പ്ലാൻ എന്നിവ സമർപ്പിക്കേണ്ടത് M/s. അഹല്യ ഇൻ്ററനാഷണൽ ഫൗണ്ടേഷനാണ്.

3) പി.ഡബ്ല്യു.ഡി മാനുവലിന്റെ ഖണ്ഡിക 1601.4 പ്രകാരം ഈ പ്രവൃത്തി ഒരു ഡെപ്പോസിറ്റ് വർക്കായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്. ഭൂമിയുടെ ഉടമസ്ഥാവകാശം പൊതുമരാമത്ത് വകുപ്പിൽ തന്നെ നിക്ഷിപ്തമായിരിക്കും. PWD മാനുവലിൽ പ്രതികൂലമായ ഏതെങ്കിലും ക്ലോസ് ഉണ്ടെങ്കിലോ പ്രൈവറ്റ് പാർട്ടിയുടെ അത്തരം ജോലികൾ ഡെപ്പോസിറ്റ് വർക്കായി എടുക്കുന്നത് തടയുന്ന നിയമങ്ങൾ / ചട്ടങ്ങൾ / നിർദ്ദേശങ്ങൾ നിലവിലുണ്ടെങ്കിലോ അതിൽ നയപരമായ തീരുമാനമെടുക്കുന്നതിന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിനെ അറിയിക്കേണ്ടതാണ്.

4) ബാധകമായ *Centage charges* കൂടി ഡെപ്പോസിറ്റ് തുകയിൽ ഉൾപ്പെടുത്തണം.

5) VUP നിർമ്മാണത്തിന് സർക്കാർ ഭൂമി സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്നതിനാൽ, ബാധകമായ ചട്ടങ്ങൾ അനുസരിച്ച്, M/s.അഹല്യ ഇൻ്ററനാഷണൽ ഫൗണ്ടേഷനിൽ നിന്ന് ജില്ലാ കളക്ടർ നിർദേശിക്കും പ്രകാരം അനുയോജ്യമായ തുക ഈടാക്കേണ്ടതാണ്.

6 ) നിർമ്മാണ കാലയളവ്, ആനുകാലിക അറ്റകുറ്റപ്പണികൾ/അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് വഹിക്കാനുള്ള M/s. അഹല്യയുടെ ബാധ്യത, ***Centage charge,*** ജില്ല കളക്ടർ തീരുമാനിച്ചതുപോലെ സർക്കാർ ഭൂമി ഉപയോഗിക്കുന്നതിനുള്ള ഫീസ്, റോഡിലെ ഭാവി വികസനങ്ങളുമായി ബന്ധപ്പെട്ട് **M/s** അഹല്യയുടെ ഔപചാരികതകൾ/ ഉത്തരവാദിത്തങ്ങൾ തുടങ്ങിയ പ്രസക്തമായ എല്ലാ വ്യവസ്ഥകളും ഉൾപ്പെടുത്തി **VUP** നിർമ്മാണത്തിന് അനുമതി നൽകുന്നതിന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറും **M/s.** അഹല്യ ഇൻ്ററനാഷണൽ ഫൗണ്ടേഷനും തമ്മിൽ ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്. ഈ കരാർ നടപ്പിലാക്കുന്നതിന് മുൻപ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിൻറ പരിശോധനയ്ക്കായി കരട് കരാർ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ(നിരത്തുകൾ), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, റോഡ്സ് & ബ്രിഡ്ജസ് ഡെവെലപ്മെന്റ് കോർപ്പറേഷൻ കേരള ലിമി.
M/s അഹല്യ ഇൻ്റർനാഷണൽ ഫൗണ്ടേഷൻ, എലിപ്പാറ, പാലക്കാട്
സൂപ്രണ്ടിംഗ് എഞ്ചിനീയർ(നിരത്തുകളും പാലങ്ങളും), നോർത്ത് സർക്കിൾ, കോഴിക്കോട്.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, നിരത്ത് വിഭാഗം, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Chithralekha V V ഓഫീസർ
Date: 06-06-2024 16:30:52